**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ ആദൂർ വില്ലേജിൽ കാറഡുക്ക എന്ന സ്ഥലത്ത് നൽകിയ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ ആദൂർ വില്ലേജിൽ കാറഡുക്ക എന്ന സ്ഥലത്ത് നാരായണൻ എന്ന വ്യക്തിക്ക് 1988-ൽ അഞ്ച് സെന്റ് സ്ഥലം പതിച്ച നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | കാറഡുക്ക വില്ലേജിലെ റീസർവ്വേ നമ്പർ 206/pt ൽ 0.05 ഏക്കർ സ്ഥലം ശ്രീ. നാരായണൻ, S/oഅയ്യപ്പൻ എന്നവർക്ക് എൽ.എ 130/86/ കാറഡുക്ക പ്രകാരം പതിച്ച നല്കി പട്ടയം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് ഇലക്ട്രിസിറ്റി ടവർ നിർമ്മാണം നടന്നതിനാൽ തൊട്ടടുത്തു അഞ്ച് സെന്റ് സ്ഥലം എൽ.എ. നമ്പർ 130/86 പ്രകാരം ഈയാൾക്ക് പതിച്ച നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | പതിച്ച് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലത്തിന് ഇയാൾ നികുതി അടച്ചിരുന്നോ; ഏത് വർഷംവരെ നികുതി സ്വീകരിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | എൽ.എ 130/86/കാറഡുക്ക പ്രകാരം റീസർവ്വേ നമ്പർ 206/pt ൽ 0.05 ഏക്കർ സ്ഥലത്തിന് തണ്ടപ്പേർ നമ്പർ 4252 പ്രകാരം 2020-21 കാലയളവുവരെ നികുതി ഒടുക്കിയിട്ടുണ്ട്. |
| (ഡി) | 1988-ൽ അനുവദിച്ച സ്ഥലത്തിന്റെ പട്ടയത്തിന് പകരം പുതുതായി അനുവദിച്ച സ്ഥലത്തിന് പട്ടയം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ഡി) | എൽ.എ 130/86/കാറഡുക്ക പ്രകാരം ശ്രീ. നാരായണന് പതിച്ച നല്കിയ സ്ഥലത്തിനു പകരം ഭൂമി അനുവദിക്കുന്നതിന് ടിയാൻ എൽ.എ 19/2018/കാറഡുക്ക നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഭൂരഹിതരല്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചിരുന്നില്ല. |
| (ഇ) | പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ചിന് നാരായണൻ റവന്യൂ അധികൃതരെ സമീപിച്ചിരുന്നോ; സ്കെച്ച് നൽകിയിരുന്നോ; ഇല്ലെങ്കിൽ സ്കെച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ചിന് വേണ്ടി ശ്രീ. നാരായണൻ ആദൂർ വില്ലേജ് ഓഫീസിൽ അപേക്ഷ നല്കിയിരുന്നു. ആയതു പ്രകാരം സ്കെച്ച് നല്കിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത സ്ഥലം ആരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടോ; | (എഫ്) | ഇല്ല. |
| (ജി) | നാരായണന് നീതി ലഭിച്ചില്ലായെന്ന പരാതി | (ജി) | ഇല്ല. ശ്രീ.നാരായണൻ സമർപ്പിച്ച |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | | പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ 9/6/22-ലെ കത്ത് പ്രകാരം കാസർഗോഡ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ